# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 527 — 02.12.2014-ലെ മറുപടിക്ക്

## മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി നല്കിയ കുറിപ്പ്

| | ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതു ധനകാര്യ സ്ഥിതി സംബന്ധിച്ച് മന്ത്രിസഭാ ചർച്ചയ്ക്ക് ധനകാര്യ വകുപ്പ് മേധാവി ഡോ. കെ.എം. അബ്രഹാം നല്കിയ കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | മന്ത്രിസഭയ്ക്ക് സമർപ്പിക്കുന്ന കുറിപ്പുകൾ നിയമസഭയിൽ സമർപ്പിക്കുന്ന കീഴ്വഴക്കം ഇല്ല. |
| (ബി) | 2014 സെപ്റ്റംബർ 17 ന് നടന്ന മന്ത്രിസഭാ യോഗത്തിൽ പ്രസ്തുത കുറിപ്പ് ചർച്ചചെയ്തതിനുശേഷം ഈ വിഷയത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; അതിന്റെ തുടർച്ചയായി പിന്നീട് എടുത്ത തീരുമാനങ്ങളും വിശദമാക്കാമോ ? | നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി) നം. 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ–ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19.09.2014 ലെ സ.ഉ. (പി.) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10.11.2014 ലെ സ.ഉ. (പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 25.09.2014 ലെ സ.ഉ. (എം.എസ്) നം. 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ